# കർമ്മവും കർമ്മഫലവും മാത്രമാണ് ശാശ്വതം

## തങ്ങൾകുഞ്ഞു മുസലിയാർ

ആളുകൾക്ക് ഒരു വലിയ തെറ്റിദ്ധാരണയുണ്ട്. ജീവിക്കാൻ കുറേയധികം സമ്പത്തുണ്ടെങ്കിൽ അവൻ സുഖിമാനും ദുഃഖമില്ലാത്തവനും ഒക്കെയാണെന്ന്. അത് തെറ്റാണ്. കർമ്മവും കർമ്മഫലവും മാത്രമാണ് ശാശ്വതമായിട്ടുള്ളത്. പ്രയത്നിച്ചാൽ ഫലമുണ്ടാകും. അതിനൊരു സാധനപാഠമാണ് ഞാൻ. ജീവിതകാലത്ത് ഒരിക്കലും ഞാൻ അലസനായിരുന്നിട്ടില്ല. അതാണെന്റെ വിജയത്തിന്റെ രഹസ്യം. വെറുംകയ്യുമായി ഈ ഭൂമിയിലേക്കു ഞാൻ വന്നു. കണ്ണീരുകുടിച്ച് വളർന്നു. രാപകലില്ലാതെ അദ്ധ്വാനിച്ചു. അവസാനം അതിന്റെ ഫലം എനിക്ക് അള്ളാഹു തന്നു.

"സ്നേഹിച്ചവരും സ്നേഹിക്കാത്തവരും പാവപ്പെട്ടവരും ധനികരും എല്ലാം ഒരുപോലെ നേരമെത്തുമ്പോൾ മരിച്ചുപോകുന്ന ഈ മണ്ണിൽ സ്നേഹിക്കാതിരിക്കുന്നതും വെറുക്കുന്നതും പകവെയ്ക്കുന്നതുമെല്ലാം ഒരുപോലെ വിഡ്ഢിത്തമാണ്."

ജീവിതത്തിന്റെ രണഭൂമിയിൽ നീണ്ട അറുപത്തിയഞ്ചു സംവത്സരം പയറ്റിപ്പഴകിയ ഒരു മനുഷ്യന്റെ ശബ്ദമാണിത്. ജീവിതത്തിന്റെ ഏറ്റവും താഴെക്കിടയിൽ നിന്ന് ഒരു മനുഷ്യന് സാമ്പത്തികമായി ഉയരാൻ കഴിയുന്നതിന്റെ പരമാവധി ഉയർന്നുകഴിഞ്ഞ അസാധാരണനായ ഒരു മനുഷ്യന്റെ ശബ്ദം. കേരളത്തിലെ പണ്ഡിതനും പാമരനും ഉള്ളവനും ഇല്ലാത്തവനും അദ്ദേഹം സുപരിചിതനാണ്. ഈ മനുഷ്യൻ ആരെന്നല്ലേ - ? ശ്രീ. ഏ. തങ്ങൾകുഞ്ഞുമുസലിയാർ.

നേരത്തെ ഏർപ്പാടുചെയ്തതനുസരിച്ച് ഞങ്ങൾ ഓഫീസിൽനിന്ന് ഒരു സായാഹ്നത്തിൽ ശ്രീ. തങ്ങൾകുഞ്ഞുമുസലിയാരുടെ വസതിയിലേക്കു തിരിച്ചു. കശുവണ്ടിയുടെ കറുത്തുകട്ടപിടിച്ച പുകതുപ്പുന്ന പുകക്കുഴലുകളുള്ള ഫാക്ടറിക്കടുത്ത് തലയുയർത്തിനില്ക്കുന്ന ഒരു ഇരുനിലക്കെട്ടിടത്തിലാണദ്ദേഹം താമസിക്കുന്നത്. മഞ്ഞവെയിൽതട്ടി വർണ്ണശബളിമയാർന്ന ഗേറ്റുകടന്ന് ഞങ്ങൾ ചെല്ലുമ്പോൾ, താഴേനിലയിലൊരു ചാരുകസേരയിലദ്ദേഹം ഞങ്ങളേയും പ്രതീക്ഷിച്ചിരിക്കുന്നുണ്ടായിരുന്നു. വളരെ ആശയോടെയാണ് ഞങ്ങൾ സംസാരിക്കാനെത്തിയത്. കാരണം അദ്ദേഹത്തോളം ജീവിതാനുഭവമുള്ളവർ നമ്മുടെ നാട്ടിൽ നന്നേ വിരളമാണ്. അവയെല്ലാം ചോദിച്ചറിഞ്ഞ് ഈ പംക്തിയിൽ പകർത്താനായിരുന്നു ഞങ്ങളുടെ ആവേശം. പക്ഷേ അദ്ദേഹത്തെക്കണ്ടപ്പോൾ ആ ആവേശം ഞങ്ങൾക്ക് നഷ്ടപ്പെട്ടു. അദ്ദേഹമിപ്പോൾ രോഗശയ്യയിലാണ്. പരസഹായംകൂടാതെ എഴുന്നേല്ക്കാനോ നടക്കാനോ വയ്യ. സംസാരിക്കാനും ശ്വാസോച്ഛ്വാസം ചെയ്യാനും നന്നേ വിഷമിക്കുന്നുണ്ടായിരുന്നു. സംസാരിക്കുമ്പോൾ ഭാഷ അവ്യക്തമായിപ്പോകുന്ന ഒരു വല്ലാത്ത അവസ്ഥയിലാണദ്ദേഹം. ബദ്ധപ്പെട്ട് സംസാരിക്കുന്നതുകണ്ടപ്പോൾ ഞങ്ങൾക്ക് വലിയമനപ്രയാസമുണ്ടായി. അതുകൊണ്ട് ഈ സംഭാഷണം ഒരു പരിധിവരെ ഒരുപക്ഷേ അപൂർണ്ണമാകാം. പിന്നെ അദ്ദേഹത്തിന്റെ താത്പര്യങ്ങളിൽ നിന്നു ശേഖരിക്കാവുന്നിടത്തോളം കാര്യങ്ങൾ ശേഖരിച്ചിവിടെ കുറിക്കുന്നു. മലയാളരാജ്യത്തിനുവേണ്ടി സംസാരിക്കാനദ്ദേഹത്തിനൊരു പ്രത്യേക താല്പര്യമുണ്ടായിരുന്നതുപോലെ തോന്നി. ഫലിതരസക്കാരനായ അദ്ദേഹത്തിന്റെ അവ്യക്തമായ നർമ്മഭാഷണം പലപ്പോഴും ഞങ്ങൾക്കു ചിരിക്കാനുള്ള വകയൊരുക്കിക്കൊണ്ടിരുന്നു. കുശലപ്രശ്നങ്ങൾക്കുശേഷം എന്റെ ചോദ്യങ്ങൾക്കദ്ദേഹം മറുപടി പറഞ്ഞുതുടങ്ങി.

"എനിക്കിപ്പോൾ അറുപത്തിയഞ്ചു വയസ്സുണ്ട്. എന്റെ ഉമ്മായും വാപ്പായും വെറും സാധാരണക്കാരായിരുന്നു. ഉമ്മയുടെ പേര് ബീവിക്കുഞ്ഞ്. വാപ്പായുടേത് അഹമ്മദുകുഞ്ഞ്. എന്റെ ഉമ്മായും വാപ്പായും അനുഭവിച്ചിട്ടുള്ള ദുരിതങ്ങൾക്ക് കണക്കില്ല. വീട്ടിലന്ന് പറഞ്ഞറിയിക്കാനാവാത്ത ദാരിദ്ര്യമായിരുന്നു. ഞാൻ പട്ടിണികിടന്നിട്ടുള്ള ദിവസങ്ങൾക്കു കണക്കില്ല. സന്ധ്യമയങ്ങുമ്പോൾ വാപ്പ എവിടെനിന്നെങ്കിലും അത്താഴത്തിനുള്ള വകയുമായി കയറിവരും. രാത്രിയിലാണ് "പരുവാലം" (പാചകം). ആ സമയമത്രയും വിശപ്പുകൊണ്ട് ഞാനെവിടെയെങ്കിലും തളർന്നുകിടക്കുകയായിരിക്കും. ചിലപ്പോൾ കരഞ്ഞുകൊണ്ടേയിരിക്കും. പടച്ചവൻ സഹായിച്ച് ഇന്നെനിക്ക് എല്ലാ സൗഭാഗ്യങ്ങളുമുണ്ട്.

ഒരു കൊച്ചുകുട്ടിയുടെ ഊർജ്ജസ്വലതയോടും ഉന്മേഷത്തോടും ബാല്യകാലരംഗങ്ങളിലേക്കദ്ദേഹം കടന്നുപോയി. അപ്പോൾ ഞാൻ ചോദിച്ചു.

"കുട്ടിക്കാലത്ത് ഏറ്റവും ഇഷ്ടമുള്ള കളി എന്തായിരുന്നു?"

നാടൻപന്തുകളിയായിരുന്നു എനിക്കേറ്റവും ഇഷ്ടം. അന്ന് ആ കളിയിൽ എന്നെ തോല്പിക്കാനാരുമുണ്ടായിരുന്നില്ല. ഞാനടിച്ചു വിടുന്ന പന്ത് അങ്ങു മാനത്തോളം പൊങ്ങുമായിരുന്നു. ആ നല്ല ഓർമ്മകൾ ഇപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞുനില്ക്കുന്നു.

ചോദ്യം – ഈ കശുവണ്ടി ബിസിനസ്സിൽ താല്പര്യം തോന്നുവാൻ പ്രത്യേകിച്ച് വല്ല കാരണവുമുണ്ടായിരുന്നോ?

ഉത്തരം – പ്രത്യേകിച്ചൊരു കാരണവുമില്ല. കശുവണ്ടിയുമായി ബന്ധപ്പെട്ടതായിരുന്നു ആദ്യകാലത്ത് എന്റെ തൊഴിൽ. അതിൽ പടിപടിയായി ഞാൻ വളർന്നു. ആദ്യം ഒരു ഫാക്ടറിഉടമയുമായി ബന്ധപ്പെട്ട് ഞാൻ കച്ചവടമാരംഭിച്ചു. അദ്ദേഹത്തിനെന്നെ വലിയസ്നേഹവും വിശ്വാസവുമായിരുന്നു. ഒടുവിൽ ഞാൻ സ്വന്തമായി ബിസിനസ്സാരംഭിച്ചു. അന്ന് ഞാൻ തൊട്ടതെല്ലാം എനിക്ക് വിജയമായിരുന്നു. ഇതാണ് എന്റെ ജീവിതത്തിന്റെ ആദ്യത്തെ വഴിത്തിരിവ്.

ചോദ്യം – കേരളത്തിൽ ആദ്യമായി ഒരു കശുവണ്ടി ഫാക്ടറി തുടങ്ങിയതാരാണെന്നറിയാമോ?

ഉത്തരം – ശ്രീ സ്വാമിനാഥൻ. എനിക്കു മറക്കാനാവാത്ത ഒരു പേരാണത്.

ചോദ്യം – അന്ന് രാത്രി എത്രമണിക്കൂർ ഉറങ്ങുമായിരുന്നു?

ഉത്തരം – മുമ്പു ഞാൻ രണ്ടോ മൂന്നോ മണിക്കൂർ മാത്രമേ ഉറങ്ങുമായിരുന്നുള്ളൂ. ബാക്കിയുള്ള സമയം മുഴുവൻ ജോലിയാണ്. ഞാനൊറ്റയ്ക്കു ഒരു ദിവസം ഒരു നാലാളിന്റെ ജോലിചെയ്യുമായിരുന്നു. അതാണ് എന്റെ ജീവിതത്തിന്റെ വിജയരഹസ്യം. ജീവിതത്തിലൊരിക്കലും ഞാനലസനായിരുന്നിട്ടില്ല. കർമ്മത്തിന് ഫലമുണ്ട്.

ചോ- പ്രേമവിവാഹങ്ങളെപ്പറ്റി എന്തു പറയുന്നു?

ഉ – പ്രേമിച്ചു കെട്ടുന്നതും പ്രേമിക്കാതെ കെട്ടുന്നതും കെട്ടുകഴിഞ്ഞാൽ സമമാണ്.

ചോ – അമേരിക്കയിൽ പലപ്രാവശ്യം പോയിട്ടുണ്ടല്ലോ. അവിടെകണ്ട കാഴ്ചയെപ്പറ്റി എന്തെങ്കിലും പറയാമോ?

ഉ – അമേരിക്കയിൽ ഞാൻ വിശേഷിച്ചൊന്നും കണ്ടില്ല. ലോകത്തു മറ്റെങ്ങുമില്ലാത്തരീതിയിലുള്ള മനോഹരങ്ങളായ കെട്ടിടങ്ങൾ ഞാനവിടയേ കണ്ടുള്ളൂ.

ചോ – ജനസമൂഹത്തിനുവേണ്ടി ഈ 65 വർഷത്തിനിടയിൽ അങ്ങു ചെയ്തിട്ടുള്ള ഏറ്റവും നല്ല ഒരു പ്രവൃത്തി എൻജിനീയറിംഗ് കാളേജ് സ്ഥാപിച്ചിതാണോ?

ഉ – രണ്ടേ രണ്ടു കാര്യങ്ങൾ. ഒന്നു കാളേജ് സ്ഥാപിച്ചത്. നിയമനക്കാര്യത്തിലും അഡ്മിഷൻ സംബന്ധിച്ചുമൊക്കെ എപ്പോഴും എനിക്കു തലവേദനയുണ്ടാക്കുന്ന ഒന്നായിത്തീർന്നിട്ടുണ്ടതിപ്പോൾ.

ചോ – മറ്റൊരു നല്ലപ്രവൃത്തി എന്നു പറഞ്ഞതെന്താണ്?

ഉ – ഞാനൊരു പുസ്തകമെഴുതിയിട്ടുണ്ട്. ജനങ്ങൾക്കുവേണ്ടി ഞാൻ ചെയ്തിട്ടുള്ള ഏറ്റവും നല്ല കാര്യമാണത്. 'പ്രായോഗികാദ്വൈതം പ്രകൃതി നിയമം' എന്നാണതിന്റെ പേര്. ന്യായവും സത്യവും മറഞ്ഞും അന്യായവും കളവും ചതിയും പുലർന്നും വരുന്ന ഈ കാലഘട്ടത്തിൽ ലോകത്തിന്റെ

യഥാർത്ഥസ്ഥിതിയും സ്വഭാവവും എന്താണെന്ന് ഞാനതിൽ വിവരിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാള ത്തിലും അത് അച്ചടിച്ചു. ഇംഗ്ലീഷ് പതിപ്പ് അമേരിക്ക യിലാണ് പ്രസിദ്ധീകരിച്ചത്. ലക്ഷ്മീ സരസ്വതിമാർ കൈകോർത്തുനിന്നനുഗ്രഹിക്കുക ഒരപൂർവ്വസംഭവ മാണെന്നാണല്ലോ വിശ്വാസം. പക്ഷേ എനിക്ക് അതുണ്ടായി. മതം, മനുഷ്യൻ, ജീവിതം എന്നീ മൂന്നു മൗലികവിഷയങ്ങളെ പരാമർശിച്ചുകൊണ്ടുള്ള ചർച്ച കളാണ് 'അദ്വൈത'ത്തിൽ. അവയ്ക്ക് ആധാരമായി നില്ക്കുന്നത് യുക്തിയും എന്റെ അനുഭവങ്ങളുമാണ്."

ചോ - ഇനി ജീവിതത്തിലെന്തെങ്കിലും ആശകളവ ശേഷിക്കുന്നുണ്ടോ?

ഉ - ഇല്ല. എനിക്കിനി ഒരാശയുമില്ല. ഇനി ആശിച്ചാലൊട്ടു നടക്കുകയുമില്ല. ഭൗതികമായ എല്ലാ ബന്ധങ്ങളും ചിന്തകളുമുപേക്ഷിച്ച് ഞാനിപ്പോൾ സ്വസ്ഥമായി വിശ്രമിക്കുകയാണ്. തീരെ സുഖമില്ല.

"ഇനി വല്ലതും പ്രത്യേകിച്ചു പറയാനുണ്ടോ?"

"ആളുകൾക്ക് ഒരു വലിയ തെറ്റിദ്ധാരണയുണ്ട്. ജീവിക്കാൻ കുറെയധികം സമ്പത്തുണ്ടെങ്കിൽ അവനു പരമസുഖമായിരിക്കുമെന്ന്. ആ ധാരണ തെറ്റാണ്. കർമ്മവും കർമ്മഫലവും മാത്രമാണ് ശാശ്വതമായുള്ളത്. ഒന്നും കൈമുതലായില്ലാത്ത പാവപ്പെട്ടവരാണു സത്യത്തിൽ സുഖമനുഭവി ക്കുന്നത്. അവർ ഒന്നിനെപ്പറ്റിയും ചിന്തിച്ചു മനസ്സു പുണ്ണാക്കുന്നില്ല. അതിന്റെ ആവശ്യം അവർക്കു നേരിടുന്നില്ല. അവർക്കു നാളെയെപ്പറ്റി പ്രതീക്ഷകളു മില്ല. എവിടെകിടന്നാലും മനസ്സമാധാനമായി അവരുറ ങ്ങുന്നു. പത്തു ചക്രമുള്ളവന് മറിച്ചാണനുഭവം. അവൻ മരണംവരെ വെന്തും നീറിയും കിടക്കും. എനിക്കവസാനമായി പറയാനുള്ളത് ഇതാണ്. ജീവിത ത്തിൽ ഒരിക്കലും അലസത പാടില്ല. പ്രയത്നിച്ചാൽ ഫലമുണ്ടാകും. അതിനൊരു സാധനപാഠമാണ് ഞാൻ. ഒരു കട്ടൻചായ കുടിക്കാൻ നിവൃത്തിയില്ലാതെ നടന്ന ഞാൻ രാപകലില്ലാതെ പ്രയത്നിച്ചും ത്യാഗങ്ങൾ സഹിച്ചും ബുദ്ധി ഉപയോഗിച്ചുമാണ് ഒരു വമ്പിച്ച സ്വത്തിന്റെ ഉടമയായത്. ഒരിക്കൽക്കൂടി ഞാനതു പറഞ്ഞുകൊണ്ടു നിർത്തുന്നു. പ്രയത്നിച്ചാൽ ഫലമുണ്ടാകും. നിശ്ചയം."

*മലയാളരാജ്യം (ചിത്രവാരിക)*
*(പു. 38 ല. 39 1141 മീനം 28 തിങ്കൾ)*
*മുസലിയാരുമായി നടത്തിയ അഭിമുഖത്തിലെ*
*പ്രസക്ത ഭാഗം*